**"ഭരണഭാഷ-മാതൃഭാഷ"**

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽഭവൻ,

തിരുവനന്തപുരം-33

**ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം**

(നിലവിൽ: കെ.ഗോപാലകൃഷ്ണൻ ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം- സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 12.04.2022 തിയതിയിലെ 1205 നം. അസാധാരണ ഗസറ്റ്

**ഉത്തരവ് നമ്പർ : ഡി.റ്റി/969/2022-എ3 തീയതി: 16-06-2022**

വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ 2022 വർഷത്തിൽ വിരമിക്കലിന്റെ ഫലമായി ചുവടെപറയുന്ന സ്ഥാപനങ്ങളിലായി 2(രണ്ട്) ഒഴിവ് നിലവിലുണ്ട്.

- ഐ.ടി.ഐചെങ്ങന്നൂർ
- ഐ.ടി.ഐ കൊല്ലം (വ)

മേൽ പറയുന്ന ഒഴിവുകളിലേയ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നതിനായി അർഹരായ ജൂനിയർ സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റ് 17.03.2022-ൽ നടന്ന ഡി.പി.സി (ലോവർ) യോഗം തയ്യാറാക്കുകയും ആയതു സർക്കാർ അംഗീകരിച്ചതിനെ തുടർന്ന് പരാമർശം (2) പ്രകാരം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ടി സെലക്ട് ലിസ്റ്റിൽ ക്രമ നമ്പർ (1),ക്രമ നമ്പർ (2) ലെ ജീവനക്കാർക്ക് KS&SSR ലെ പൊതു ചട്ടം 28 (b) (ii) പ്രകാരം 51400-110300 രൂപ നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും 2022 വർഷത്തിലെ പൊതു സ്ഥലംമാറ്റം നടക്കാത്തതിനാൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ താൽക്കാലികമായി നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നം | പേര് /തസ്തിക /സ്ഥാപനം | ജൂനിയർ സൂപ്രണ്ട്മാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീ .വി. ശശികുമാർ ,ജൂനിയർ സൂപ്രണ്ട്, ഐ.ടി ഐ.ധനുവച്ചപുരം | 120 | ഐ.ടി.ഐ കൊല്ലം (വ ) |
| 2 | ശ്രീമതി.എ.ആർ. രാജരാജേശ്വരി , ജൂനിയർ സൂപ്രണ്ട് ഐ.ടി ഐ പാറശ്ശാല | 125 | ഐ.ടി.ഐ ചെങ്ങന്നൂർ |

ഉദ്യോഗക്കയറ്റം അനുവദിച്ച ഉദ്യോഗസ്ഥർ അതാത് സ്ഥാപനങ്ങളിൽ സേവനത്തിൽ പ്രവേശിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാരെ വിടുതൽ

ചെയ്യുതും സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്. 2022 വർഷത്തിലെ പൊതു സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേല്പറഞ്ഞ ഉദ്യോഗസ്ഥർക്ക് നിയമനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ പുന:പരിശോധിക്കുന്നതാണ്.

ഒപ്പ് /-

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:- ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:- 1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്.

2. അക്കൗണ്ടന്റ് ജനറൽ (കേരള)

3.വകുപ്പ് വെബ്സൈറ്റ്

//ഉത്തരവിൻ പ്രകാരം//

Reji.S

സീനിയർ സൂപ്രണ്ട്